പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :541 24.01.2018 ലെ മറുപടിക്ക്

## **ചകിരി ഇറക്കുമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തേക്ക് ചകിരി ഇറക്കുമതി ചെയ്യുന്നതിനായി ആഗോള ടെണ്ടർ വിളിക്കുന്നതിന് നീക്കമുണ്ടോ; വിശദമാക്കുമോ; | എ) സംസ്ഥാനത്ത് ചകിരി ദൗർലഭ്യം നേരിടുന്നതിനാൽ ആഗോള ടെണ്ടർ വിളിച്ച് ചകിരി ഇറക്കുമതി ചെയ്ത് സഹകരണ സംഘങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി കയർഫെഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| ബി) നാളികേര ഉത്പാദനത്തിന്റെ ഭാഗമായുള്ള ചകിരി, കയർ വ്യവസായത്തിന് ഉപയോഗപ്പെടുത്താത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | ബി) കേരളത്തിൽ ആഭ്യന്തരമായി ലഭിക്കുന്ന തൊണ്ടിൽ നിന്നും ഉല്പാദിപ്പിക്കുന്ന പരമാവധി ചകിരി കയർ വ്യവസായ മേഖലയിൽ ഉപയോഗിച്ചുവരുന്നു. പരമാവധി തൊണ്ട് സംഭരണം നടത്തി ചകിരി ഉല്പാദനം കൂട്ടുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. |
| സി) സംസ്ഥാനത്ത് ചകിരി നിർമ്മാണ യൂണിറ്റുകളുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി)ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ കേരളത്തിൽ 1000 ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ വടവന്നൂരിൽ ഒരു ഹെവി ഡ്യൂട്ടി ഡി.എഫ് മെഷീൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കണ്ണൂരിൽ അമ്മാനപ്പാറയിൽ കുടുംബശ്രീയുടെ ആഭ്യമുഖ്യത്തിൽ ഡി.എഫ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ, നാളികേര ഉല്പാദക കമ്പനികൾ എന്നിവരുടെ സഹകരണത്തോടെ ഈ സാമ്പത്തിക വർഷം 100 ഡി.എഫ് മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ